സബ്മിഷൻ

തിരുവണ്ണൂർ കോട്ടൺമില്ലിന്റെ പ്രവർത്തനം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 1890-ൽ ആരംഭിച്ച കേരളത്തിലെ ആദ്യത്തെ ടെക്സ്റ്റൈയിൽ മില്ലായ തിരുവണ്ണൂർ കോട്ടൺമിൽ 126 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. മലബാറിൽതന്നെ ആദ്യത്തെ വ്യവസായ സ്ഥാപനമായ ഈ മിൽ 1983-ലാണ് പൂർണ്ണമായും കേരള സർക്കാർ ഏറ്റെടുത്തത്. കേരളത്തിന്റെതന്നെ അഭിമാനമാകേണ്ട ഈ മില്ലിന് അതിവിപുലമായ ഒരു പ്രവർത്തനചരിത്രമുണ്ട്. എന്നാൽ 2003-ൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ ചൗധരി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനി അടച്ചുപൂട്ടുകയും പൊളിച്ചുവിൽക്കാൻ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ 2006-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ ആ വർഷം തന്നെ മിൽ തുറന്ന് പ്രവർത്തനം തുടങ്ങി. പിന്നീടുള്ള അഞ്ച് വർഷക്കാലം എൽ.ഡി.എഫ്. സർക്കാർ 36 കോടി രൂപ കമ്പനിക്കുവേണ്ടി മുടക്കുകയും ഏറ്റവും നൂതനമായ യന്ത്രസാമഗ്രികളോടെ കേരളത്തിലെ ഏറ്റവും നവീകരിച്ച ടെക്സ്റ്റൈയിൽ മില്ലാക്കി മാറ്റിയെടുത്ത് ലാഭത്തിലാക്കുകയും ചെയ്തു. എന്നാൽ 2011-ൽ യു.ഡി.എഫ്. അധികാരത്തിൽ വന്നതോടെ മില്ലിന്റെ ഉല്പാദനക്ഷമത ഘട്ടംഘട്ടമായി കുറയ്ക്കുകയും

ഗുണനിലവാരമുള്ള കോട്ടൺനൂൽ ഉല്പാദിപ്പിക്കുന്നതിന് പകരം പോളിസ്റ്റർ നൂൽ ഉല്പാദിപ്പിക്കുകയും ചെയ്തു. മില്ലിന്റെ ഉല്പാദനക്ഷമത 50 ശതമാനത്തിലും താഴേയ്ക്ക് കുറയ്ക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ഇത് വലിയ നഷ്ടത്തിലായിരിക്കുകയാണ്. ഇപ്പോൾ പ്രസ്തുത സ്ഥാപനം 2.28 കോടി രൂപയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കാൻ ബാക്കിയാണ്. കെ.എസ്.ഇ.ബി. വൈദ്യുതിബന്ധം വിച്ഛേദിച്ചു. കൂടാതെ മൂന്ന് കോടിയുടെ സാമ്പത്തിക ബാദ്ധ്യതയുമുണ്ട്. ഇതുകാരണം കമ്പനിയിൽ കഴിഞ്ഞ രണ്ടുമാസമായി ശമ്പളം നൽകിയിട്ടില്ല. 270 ഓളം തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലാണ്. 2015 ഡിസംബർ മുതലാണ് വൈദ്യുതി കുടിശ്ശിക വരുത്തിയത്. കഴിഞ്ഞ കാലത്തെ കെടുകാര്യസ്ഥതയുടെ മറ്റൊരു ഉദാഹരണമായി തിരുവണ്ണൂർ കോട്ടൺ മിൽ. ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലുള്ള മറ്റ് ഏതൊരു മില്ലിനെക്കാളും നൂതനമായ ടെക്നോളജിയും യന്ത്രസാമഗ്രികളും ഈ മില്ലിലുണ്ട്. ഈ കമ്പനിയെ ടെക്സ്റ്റെയിൽസ് കോർപ്പറേഷനിൽ നിന്നും പൂർണ്ണമായി വേർപെടുത്തി പ്രവർത്തിപ്പിക്കണം. സീസൺ സമയത്ത് പരുത്തി വാങ്ങി സൂക്ഷിക്കുകയും ചെയ്യണം. ഇതിനാവശ്യമായ മുതൽമുടക്കും അനുവദിക്കണം. നിലവിൽ നൂലിന് ആദ്യവിലനിശ്ചയിച്ച് നിശ്ചിത താൽപ്പര്യക്കാരുടെ താൽപ്പര്യത്തിനനുസരിച്ച് മുൻകൂർ കടം വാങ്ങി പരുത്തി

വാങ്ങുന്നതിനുള്ള ഒരു ക്രമീകരണമാണ് കഴിഞ്ഞ അഞ്ചുവർഷമായി നടക്കുന്നത്. അതുകാരണം വൻനഷ്ടമാണ് കമ്പനിക്കുണ്ടാകുന്നത്. കമ്പനിയുടെ മാനേജ്മെന്റ് തികഞ്ഞ മിസ്മാനേജ്മെന്റാണ് നടത്തുന്നത്. കഴിഞ്ഞ കാലങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കണം. കുറ്റക്കാരുണ്ടെങ്കിൽ നടപടിയെടുക്കണം. ഇതിനൊക്കെ മുമ്പായി തൊഴിലാളികൾക്ക് വേതനവും കൂലിയും നിലനിർത്താൻ ആവശ്യമായ അടിയന്തര നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ ഒരു അനുബന്ധ യൂണിറ്റാണ് കോഴിക്കോട് പ്രവർത്തിക്കുന്ന തിരുവണ്ണൂർ കോട്ടൻ മിൽ. അസംസ്കൃതവസ്തുക്കളുടെ ഉയർന്ന വിലയും മുൻകാലങ്ങളിലെ വമ്പിച്ച നഷ്ടവും കാരണം കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ മില്ലുകൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. പ്രവർത്തനമൂലധനത്തിന്റെ വലിയ ശോഷണത്താൽ മില്ലുകൾ യഥാസമയം പ്രവർത്തിക്കുന്നതിന് കഴിയുന്നില്ല. തിരുവണ്ണൂർ കോട്ടൺ മിൽ ഉൾപ്പെടെയുള്ള നാല് മില്ലുകൾക്കായി ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ഈ വർഷം നാലര കോടി രൂപ പ്രവർത്തന മൂലധനം അനുവദിച്ചിരുന്നു. എന്നാൽ ഈ തുക

ഓണത്തോടനുബന്ധിച്ചുള്ള ചെലവുകൾക്കാണ് ഉപയോഗിച്ചത്. വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതിബന്ധം വിച്ഛേദിച്ചിരിക്കുന്ന നിരവധി പ്രശ്നങ്ങളും അവിടെയുണ്ട്. കൂടുതൽ മൂലധന നിക്ഷേപം നടത്തിയും ആധുനികവൽക്കരണത്തിൽ ഊന്നൽ നൽകിയും വൈവിദ്ധ്യവൽക്കരണത്തിലൂടെയും തിരുവണ്ണൂർ കോട്ടൺ മിൽ ഉൾപ്പെടെ കേരള ടെക്സ്റ്റൈയിൽസ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമായി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള പാക്കേജ് ഉടൻ തയ്യാറാക്കുന്നതാണ്. ഇത് ബഹുമാനപ്പെട്ട എം.എൽ.എ. വി.കെ. സി. പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിലെ മിക്ക ടെക്സ്റ്റൈയിൽസ് സ്ഥാപനങ്ങളും, പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങൾ ഉൾപ്പെടെ വലിയ പ്രതിസന്ധിയിലാണ്.

മലയാളഭാഷയുടെ ഉപയോഗം

ഡോ. എൻ. ജയരാജ് : സർ,

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന് പെറ്റമ്മ തൻഭാഷതാൻ

വള്ളത്തോളിന്റെ മനോഹരമായ വരികളാണ്. ഞാൻ ഒരു ഭാഷാ മൗലികവാദിയൊന്നുമല്ല. അതുകൊണ്ടുതന്നെ എന്റെ ഈ സബ്മിഷൻ മലയാള ഭാഷയെ ഒന്നാം ഭാഷയാക്കണമെന്നും, ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്നും,

ഔദ്യോഗിക ആവശ്യങ്ങൾക്കായി മാതൃകഭാഷയെ ഉപയോഗിക്കണമെന്നും വിവിധങ്ങളായ പല സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിക്കപ്പെട്ടിട്ടും ഇന്നത് പാലിക്കപ്പെടാതെ കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകണം. രണ്ട് ആഴ്ചയ്ക്കു മുമ്പാണ് മലയാളിയുടെ 'അയ്യോ! ' എന്ന വാക്ക് ഇംഗ്ലീഷ് ഭാഷയുടെ ഭാഗമാക്കി മാറ്റി. അത്ഭുതം, ആശ്ചര്യം എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഇംഗ്ലീഷ് ഭാഷയിൽ ഉൾപ്പെടുത്തിയത്. എ. ആർ റഹ്മാന്റെ 'ജയ്ഹോ' എന്ന വാക്ക് വിജയം/വിക്ടറി എന്ന അർത്ഥത്തിൽ മലയാളത്തിൽനിന്നും ഇംഗ്ലീഷ് ഭാഷ കടമെടുത്തു. മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥമായ ലീലാതിലകത്തിൽ പറയുന്ന ഒരു കാര്യം ഉണ്ട്. ഏത് ഭാഷയെയും നമ്മുടെ ഭാഷയോട് കൂട്ടിച്ചേർക്കാമെന്നാണ് ലീലാതിലകകാരൻ സൂചിപ്പിക്കുന്നത്. അതുകൊണ്ട് മറ്റു ഭാഷകൾ മോശമാണെന്നോ നമ്മുടെ ഭാഷയോട് കൂട്ടിച്ചേർക്കരുതെന്നോ അല്ലെങ്കിൽ നമ്മുടെ ഭാഷ മാത്രം പഠിപ്പിക്കണമെന്നോ ഉള്ള ഒരു ആവശ്യം അല്ല ഞാൻ ഇതിലൂടെ ഉന്നയിക്കുന്നതെന്ന് ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. ഇലക്ട്രിക് സ്വിച്ചിന്- വൈദ്യുതി ആഗമന ഗമന നിയന്ത്രണ യന്ത്രം എന്ന പേര് കൊടുക്കണമന്നോ അല്ലെങ്കിൽ സൈക്കിളിന് - പാദ മർദ്ദിത ചലന ഗമന യന്ത്രം എന്ന പേര് കൊടുക്കണമെന്നോ എന്നൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. മലയാളികൾ കേരളത്തിന്റെ അറുപതാം

വാർഷികം ആചരിക്കുന്ന ഈ സന്ദർഭത്തിൽ മലയാളിയെ കൈപിടിച്ചുയർത്തിയ മലയാളഭാഷയേയും ഭൂമിശാസ്ത്രപരമായ ഭൂമിയെയും അംഗീകരിച്ച് അതിനെ നമ്മുടെ ഭാഗമാക്കി മാറ്റി ആദരിക്കാൻ പ്രേരിപ്പിക്കുന്നത്. എന്റെ സുഹൃത്തും, സഹപ്രവർത്തകനും, യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനുമായ ശ്രീ. വി. ആർ. പ്രസാദിന്റെ ഒരു ലേഖനം ഇന്നത്തെ മാതൃഭൂമിയിൽ ഉണ്ട്. ഭാഷ എന്നതിന് അർത്ഥം ദേശം എന്നു തന്നെയാണ്. ഒരു ഭാഷ ഒരു ദേശത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്, അതിനെ സംരക്ഷിച്ചു നിർത്തുക എന്നുള്ളതാണ്. 2011 സെപ്തംബർ 1-ാം തീയതി പുറത്തിറങ്ങിയ ഒന്നാം ഭാഷാഉത്തരവിൽ പറയുന്ന ഒരു കാര്യം, പൊതുവിദ്യാലയങ്ങളിൽ പത്താം തരം വരെ എല്ലാ വിദ്യാർത്ഥികളും മൂന്ന് പീരീഡെങ്കിലും മലയാളം നിർബന്ധമായും പഠിച്ചിരിക്കണം. ഓറിയന്റൽ സ്കൂളുകളിൽ ആഴ്ചയിൽ മൂന്ന് പീരിഡ് മലയാളം പഠിപ്പിക്കണം. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ പത്താംതരം മലയാളം മൂന്ന് പിരീഡെങ്കിലും പഠിപ്പിച്ചിരിക്കണം. കേരളത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളും മലയാളം പഠിക്കാനുള്ള അവസരം നൽകണം. കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും മലയാളം പഠിക്കാനുള്ള അവസരം വേണം. ഹയർ സെക്കന്ററി ക്ലാസുകളിൽ മലയാളം മാധ്യമത്തിൽ പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന

വിദ്യാർത്ഥികൾക്ക് അതിന് സഹായകരമായവിധത്തിൽ ശാസ്ത്രവിഷയങ്ങൾ ഉൾപ്പെടെ പാഠപുസ്തകങ്ങൾ എസ്.ഇ.ആർ. ടി തയ്യാറാക്കണം. ഇത്, 2011-ലെ ഉത്തരവാണ്. ഇന്ന് വേറൊരു പ്രധാനപ്പെട്ട കാര്യമുണ്ട്, മലയാള ഭാഷ പഠിക്കുക എന്നുപറയുന്നത് കേവലമായ അക്ഷരം പഠിക്കൽ മാത്രമല്ല, പ്രാഥമിക തലത്തിലോ സെക്കന്ററി തലത്തിലോ മാത്രമായി അത് അവസാനിക്കേണ്ടതല്ല. മലയാള ഭാഷയുടെ പഠനം എന്നുപറയുന്നത് മലയാളിക്ക് സൗന്ദര്യാത്മകമായ ഒരു വിദ്യാഭ്യാസം കൂടിയാണ്. നമ്മുടെ അറിവിന്റെ അവബോധത്തെ അനുഭൂതിയാക്കി മാറ്റാൻ കഴിയുന്നത് ഭാഷാ പഠനത്തിലൂടെ മാത്രമേ കഴിയൂ. നമ്മുടെ ബുദ്ധിയേയും വികാസത്തേയും ലയിപ്പിച്ച് ചേർത്ത് വ്യക്തിത്വത്തിന്റെ ഭാഗമാക്കി മാറ്റാൻ ആ ഭാഷയിൽ തന്നെ പഠിച്ചെങ്കിൽ മാത്രമേ കഴിയൂ എന്നുള്ളതാണ് ഏറ്റവും വലിയ യാഥാർത്ഥ്യം. ശാസ്ത്രീയവും സാങ്കേതികവുമായ അറിവുകൾ മാത്രമല്ല, ജനാധിപത്യപരമായ പുതിയ തിരിച്ചറിവുകളും വൈകാരിക ലോകത്തേയ്ക്കെത്തിക്കുന്നതിന് ഭാഷ പ്രധാനപ്പെട്ട ഒരു ഘടകമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് നാല് മിനിറ്റ് ആയി.....

<u>ഡോ. എൻ. ജയരാജ്</u>: മലയാള ഭാഷയായതുകൊണ്ടാണ് എനിക്ക്

കുറച്ചുസമയം കൂടി തരണം. അങ്ങ് ശബരിമല തീർത്ഥാടനത്തിന് 20 മിനിറ്റ് കൊടുത്തു. എന്റെ ഭാഷാതീർത്ഥാടനത്തിന് അഞ്ച് മിനിറ്റ് സമയം കൂടി തരണം. ശരിയായ രീതിയിൽ ആസൂത്രണം ചെയ്യപ്പെടുന്ന മാതൃഭാഷ സാഹിത്യപഠനം അനുഭൂതിമേഖലയെ ജനാധിപത്യവൽക്കരണത്തിലേയ്ക്ക് നയിക്കുന്നതാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങളിൽ മെഡിക്കൽ എഞ്ചിനീയറിംഗ് പോസ്റ്റുകൾ ഉൾപ്പെടെയുള്ള മാനവികബോധനമെന്നപേരിൽ സാഹിത്യപഠനം നിർബന്ധമാക്കിയിരിക്കുന്നത്. ബംഗാളിൽ രവീന്ദ്രസംഗീതവും രവീന്ദ്രസാഹിത്യവും പഠിക്കാതെ ഒരു വിഷയത്തിലും ഡിഗ്രി കിട്ടുകയില്ല. ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ കൂടിയ യോഗത്തിൽ പറഞ്ഞതുപോലെ, ഡിഗ്രി പാസ്സാകാൻ മലയാളഭാഷ അറിയണ്ട എന്നു പറയുന്ന ഏക സംസ്ഥാനം ഒരുപക്ഷേ കേരളമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട്, ഒരേ വിദ്യാലയത്തിൽ ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവും അനുവദിച്ചാൽ മലയാളം മീഡിയത്തിലേയ്ക്ക് കുട്ടികൾ വരാതിരിക്കുകയും ഇംഗ്ലീഷ് പ്രധാനപ്പെട്ടതാണെന്ന് സ്കൂളുകൾ വിശ്വസിപ്പിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയിൽ...., കാലക്രമേണ നമ്മുടെ വിദ്യാലയങ്ങൾ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളായി മാത്രം മാറുന്ന അപകടകരമായ ഒരു

അവസ്ഥകൂടിയുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ പല നിയോജകമണ്ഡലങ്ങളിലേയും സ്കൂളുകളിൽ ആ സാഹചര്യം നിലനിൽക്കുന്നുവെന്നത് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

1978-ലെ സർക്കാർ ഉത്തരവിൽ സർക്കാർ വാഹനങ്ങളിലെ നമ്പർ പ്ലേറ്റുകൾ 'കേരള സ്റ്റേറ്റ്' എന്നതിനുപകരം 'കേരള സർക്കാർ' എന്ന് എഴുതണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇന്നത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് പല ഉത്തരവുകളുമുണ്ട്. 9.3.2007-ലെ സർക്കുലറിൽ 'ഭരണഭാഷ മലയാളമാക്കി സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകളുടെയും വാഹനങ്ങളുടെ ബോർഡുകൾ കേരള സർക്കാർ എന്ന് എഴുതണം' എന്ന് നിർദ്ദേശമുണ്ട്. വീണ്ടും 29.10.1998-ൽ സർക്കാർ ഓഫീസുകളുടെയും ഓഫീസർമാരുടെയും പേരുവിവരങ്ങൾ, വാഹനങ്ങളിലെ വകുപ്പിന്റെ പേര്, കേരള സർക്കാർ എന്ന് ഇംഗ്ലീഷിൽ എഴുതുന്നതിനോടൊപ്പം മലയാളത്തിലും എഴുതണമെന്ന് വീണ്ടും നിർദ്ദേശം കൊടുത്തു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക് തലത്തിലുള്ള എല്ലാ സർക്കാർ ഓഫീസുകളും 1981 നവംബർ 1-ാം തീയതി മുതൽ കത്തിടപാടുകളും ഔദ്യോഗികമായ എല്ലാ ആവശ്യങ്ങൾക്കും മലയാളം

ഉപയോഗിക്കണമെന്നുള്ള സർക്കുലറുണ്ട്. പാലങ്ങളിൽ പതിക്കുന്ന ശിലാഫലകങ്ങൾ ഉൾപ്പെടെ മലയാളത്തിൽ വേണമെന്നുണ്ട്. 1973-ലെ ഉത്തരവിൽ പ്രമുഖ കെട്ടിടങ്ങളുടേയും റോഡുകളുടെയും പേരുകൾ മലയാളത്തിൽ എഴുതണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും തന്നെ ഇവിടെ പാലിക്കപ്പെട്ടിട്ടില്ലെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇപ്പോൾ ഇ-ഗവേണൻസ് നടക്കുന്നുണ്ട്. ഇ-ഗവേണൻസ് എന്നപേരിൽ നടപ്പാക്കുന്ന ഈ പരിപാടി സത്യത്തിൽ മലയാളഭാഷയെ ഇംഗ്ലീഷാക്കി മാറ്റുന്നതിന് ശ്രമമുണ്ട്. അതുകൊണ്ട് തീർച്ചയായും ഉദ്യോഗസ്ഥന്മാർക്കും ബന്ധപ്പെട്ടവർക്കുമെല്ലാം തന്നെ മലയാളം കമ്പ്യൂട്ടർ ടൈപ്പിംഗിൽ പരിശീലനം നൽകുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ഇന്റർനെറ്റിൽ തെരഞ്ഞാൽ ഇ-വായനയെ പ്രധാനമായി ബാധിക്കുന്ന ഒന്നാണ് ഫോണ്ടുകളുടെ മാനവീകരണമില്ലായ്മ. ഫോണ്ടുകളുടെ മാനവീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കണം. എല്ലാ അച്ചടിയും പഴയ ആസ്കി സംമ്പ്രദായത്തിൽ നിന്നും മാറ്റി യൂണികോഡ് ഫോണ്ടിലേയ്ക്ക് കൊണ്ടുവരണം. ഫോണ്ടുകൾ ഉണ്ടാക്കുമ്പോൾ മലയാളത്തിലെ ലിപി സഞ്ചയത്തിന്റെ സമഗ്രതയും ഇതുവരെയുള്ള ലിപികളുടെ ചരിത്രത്തെയും ഉൾക്കൊള്ളാൻ അതിന് കഴിയണം.

നമ്മുടെ ലിപി സഞ്ചയത്തിന് വേണ്ടതായ ഫോണ്ടുകൾ നിർമ്മിക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്നുള്ളതാണ് എന്റെ മറ്റൊരാവശ്യം. പദകോശവും വ്യാകരണവും പരിശോധിക്കാൻ ഓൺലൈനിൽ സംവിധാനമുണ്ടാക്കണം. ഇതിനായി സർക്കാർ ഒരു സമിതിയെ തന്നെ രൂപീകരിക്കണമെന്നതാണ് മറ്റൊരാവശ്യം. പി.എസ്.സി പരീക്ഷ ജയിച്ചാൽ, പ്ലസ്ടു തലം വരെ മലയാളം പഠിച്ചില്ലെങ്കിലും രണ്ടുവർഷത്തിനകം പ്രത്യേക മലയാളപരീക്ഷ പാസ്സാകണമെന്നുള്ള നിയമം കൊണ്ടുവരുന്നതിന് ആവശ്യമായ മാറ്റം കെ.എസ്.ആറിൽ വരുത്തണമെന്നും കോടതി നടപടികൾ മാതൃഭാഷയിലാക്കുന്നതിനുള്ള പ്രക്രീയ വളരെ അടിയന്തരമായി തീർക്കണമെന്നും സൂചിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ....പ്ലീസ്..........

ഡോ. എൻ. ജയരാജ്: ഈ പറഞ്ഞ ആവശ്യങ്ങൾ മലയാള ഭാഷയ്ക്കുവേണ്ടി ഇതേ സഭയിൽ പല തവണ സംസാരിച്ചു. മലയാളഭാഷയുടെ പൂർണ്ണത ഉൾക്കൊണ്ടുകൊണ്ട് മലയാള ഭാഷയുടെ മാനവികതയെ കുറേക്കൂടി ഉയർത്തുവാനുള്ള സത്വരമായ നടപടികൾ കേരള സംസ്ഥാനത്തിന്റെ 60-ാം വർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരളത്തിന്റെ ഭരണഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഭരണ ഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരും അന്യരാജ്യങ്ങളും ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ള സാഹചര്യങ്ങളിലൊഴികെ ഭരണരംഗത്ത് പൂർണ്ണമായും മലയാളം ഉപയോഗിക്കണമെന്ന കർശന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖലാ, അർദ്ധ സർക്കാർ, സ്വയംഭരണ സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും മറ്റ് കത്തിടപാടുകളും മലയാളത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് മലയാളത്തിൽതന്നെ നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ നടത്തും. ഭരണരംഗത്ത് യുണികോഡ് ഫോണ്ടുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന

നിർദ്ദേശം ഐ.ടി. വകുപ്പും ഔദ്യോഗിക ഭാഷാ വകുപ്പും പ്രഖ്യാപിച്ചിട്ടുണ്ട്. ആധുനിക എഴുത്തുപകരണങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ ഹൈക്കോടതിക്ക് കീഴിലുള്ള കോടതികളിലെ ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മലയാള മാധ്യമത്തിനുള്ള പഠനത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. പ്രൈമറി ക്ലാസ് മുതൽ തന്നെ മലയാളം കമ്പ്യൂട്ടിംഗ് പഠനമാക്കുന്നതിനും ബിരുദതലം വരെ മലയാള പഠനം നിർബന്ധമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. തൊഴിൽ പരീക്ഷകൾ, പ്രവേശന പരീക്ഷകൾ എന്നിവ മലയാളത്തിൽ എഴുതുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഭരണ ഭാഷ എന്നതിലുപരിയായി ഭാഷയുടെ വിവിധ തലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമഗ്രഭാഷാ നിയമം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ 2015-ലെ മലയാളഭാഷാ വ്യാപനവും പരിപോഷണവും ബിൽ 17-12-2015-ൽ കേരള നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. ഭാഷാ-ന്യൂനപക്ഷങ്ങളുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് ഈ നയം നടപ്പിലാക്കും. ജില്ലാതലങ്ങളിലും വകുപ്പുതലങ്ങളിലും രൂപീകരിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക ഭാഷാ ഏകോപന സമിതികൾ ഭാഷാമാറ്റ പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നുണ്ട്. ഇതു കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഔദ്യോഗിക ഭാഷാ സംസ്ഥാന സമിതിയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയും ഇക്കാര്യത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഭരണ ഭാഷ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാർ നയം പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിലേക്ക് എല്ലാ വകുപ്പുതലവൻമാരും ഓഫീസ് മേധാവികളും തങ്ങളുടെ വകുപ്പിലെ ജീവനക്കാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും അവ പാലിക്കുന്നുവെന്നും ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഫയർ സ്റ്റേഷന്റെ വികസനം

ശ്രീ. എൽദോ എബ്രഹാം: സർ, നമ്മുടെ സംസ്ഥാനത്ത് തീപിടുത്തം, വെള്ളപ്പൊക്കം, വാഹനാപകടം, നിരവധിയായിട്ടുള്ള പ്രകൃതി ദുരന്തം ഉൾപ്പെടെയുള്ള

അപകടഘട്ടങ്ങളിൽ, എന്തെല്ലാം പോരായ്മകൾ ഉണ്ടെങ്കിലും പൊതുജനങ്ങൾ ആശ്രയിക്കുന്നത് വേഗം ഒന്ന് വിളിക്കുവാൻ നിശ്ചയിക്കുന്നത് നമ്മുടെ ഫയർ ഫോഴ്സിനെയാണ്. എന്റെ വിഷയം, മൂവാറ്റുപുഴയിൽ ഫയർ ഫോഴ്സിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമാണ്. പക്ഷേ സ്വന്തമായി ഒരു കെട്ടിടമില്ല. ഫയർ സ്റ്റേഷന് സ്വന്തമായി ഒരു കെട്ടിടം വേണമെന്നുള്ളത് പതിറ്റാണ്ടുകളുടെ കാത്തിരിപ്പാണ്. കാലഹരണപ്പെട്ട കെട്ടിടത്തിൽ നാൽപ്പത്തിയാറോളം വരുന്ന ജീവനക്കാരുണ്ട്. അതോടൊപ്പം പരിമിതമായ സൗകര്യങ്ങൾക്കകത്താണ് ഫയർ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സ്കൂബാ ഡൈവിംഗ് പരിശീലനം നടത്തുന്ന കേന്ദ്രമാണെന്നത് മൂവാറ്റുപുഴ ഫയർ സ്റ്റേഷന്റെ ഒരു പ്രത്യേകതയാണ്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള നൂറുകണക്കിന് ജീവനക്കാർക്ക് 15 അടിയിൽ താഴെ വെള്ളത്തിൽ ഇറങ്ങുന്നതിനും താഴോട്ടുപോകുന്നതിനുമുള്ള പരിശീലനം നൽകുന്ന കേന്ദ്രമാണെന്നുള്ള പ്രത്യേകത കൂടിയുണ്ട്. എന്നാൽ 5 വാഹനവും ഹൈഡ്രോളിക് ഉപകരണങ്ങളും സ്കൂബാ സെറ്റുകളും ഉൾപ്പെടെ സ്ഥലത്തിന്റെ പരിമിതി മൂലം ഒരു ചായ്പിനകത്ത് മാത്രം വർഷങ്ങളായി കഴിയുന്നുവെന്നുള്ളതുകൊണ്ടു തന്നെ രണ്ടുകോടിയിലധികം രൂപയുടെ ജീവൻ രക്ഷാ

ഉപകരണങ്ങൾ യഥാർത്ഥത്തിൽ സൂക്ഷിക്കാൻ സ്ഥലമില്ല, ജീവനക്കാർക്ക് പ്രവർത്തനത്തിന് സൗകര്യമില്ല, ഓഫീസില്ല. പരിമിതികളുടെ കേന്ദ്രമായി മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ മാറിയിട്ടുണ്ട്. അതുകൊണ്ട് മൂവാറ്റുപുഴയിൽ ഫയർ സ്റ്റേഷന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മൂവാറ്റുപുഴ അഗ്നിരക്ഷാ നിലയം സ്ഥിതിചെയ്യുന്നത് മൂവാറ്റുപുഴ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലതാപാലം കോംപ്ലക്സ് കെട്ടിടത്തിലാണ്. കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിൽ നിന്നും ഒഴിയണമെന്ന് നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പകരം സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ സാധിക്കാത്തതിനാൽ നിലവിൽ ഈ കെട്ടിടത്തിൽ തന്നെയാണ് ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നത്. മൂവാറ്റുപുഴയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 15 സെന്റ്

സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കാൻ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ടൂറിസം വൊക്കേഷണൽ കോഴ്സുകൾക്ക് അംഗീകാരം

ശ്രീ. എ. എൻ. ഷംസീർ: സർ, വില്ലേജ് ടൂറിസം, കൾച്ചറൽ ടൂറിസം, ഫാൻ ടൂറിസം, ആയുർവ്വേദ ടൂറിസം എന്നിവ പ്രൊമോട്ട് ചെയ്യുന്നതാണ് ടൂർഫെഡിന്റെ ഉദ്ദേശ്യം. അതോടൊപ്പം തന്നെ കേരളത്തിൽ ഏറ്റവും കൂടുതൽ അനന്ത സാദ്ധ്യതയുള്ളതാണ് ടൂർ ഓപ്പറേഷൻ. ഇതൊക്കെ നടത്താൻ സാദ്ധ്യതയുള്ള സ്ഥാപനമാണ് ടൂർഫെഡ്. പക്ഷേ ഇതൊന്നും ഫലപ്രദമായി നടത്താൻ ടൂർഫെഡിന് സാധിക്കുന്നുണ്ടോയെന്ന് ഗവൺമെന്റ് പരിശോധന നടത്തണം. ടൂർഫെഡിന്റെ കീഴിൽ TAMS - ടൂറിസം അക്കാഡമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ് എന്നപേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ടൂറിസം സംബന്ധമായ

വൊക്കേഷണൽ കോഴ്സുകളാണ് ഈ സ്ഥാപനം നടത്തുന്നത്. ഈ കോഴ്സുകൾക്ക് ഗവൺമെന്റിന്റെ സാംങ്ഷനില്ല. യൂണിവേഴ്സിറ്റി അഫിലിയേഷനില്ല. ഇതുമൂലം 108 വിദ്യാർത്ഥികൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു. ഈ കോഴ്സിനുചേർന്ന 108 വിദ്യാർത്ഥികൾക്ക് അവരുടെ ഉപരിപഠനവും പണവുമെല്ലാം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവർ കൊടുക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റിനാണെങ്കിൽ യാതൊരു വാല്യൂവുമില്ല. ഇതിന്റെ ഭാഗമായി ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; അതുപോലെ തന്നെ ഈ കോഴ്സ് പഠിച്ച വിദ്യാർത്ഥികളുടെ ഭാവിയെക്കുറിച്ച് സർക്കാർ എന്തെങ്കിലും പരിഗണിക്കാൻ തയ്യാറാകുമോ; അതോടൊപ്പം തന്നെ ടൂർഫെഡിനകത്ത് നടക്കുന്ന പല അവിഹിതമായ പ്രവർത്തനങ്ങൾ, ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഏറ്റവും അനന്തസാദ്ധ്യതകൾ കേരളത്തിനകത്തുള്ളത് ടൂർ ഓപ്പറേഷനാണ്. ഇപ്പോൾ ടൂർ ഓപ്പറേഷൻ നടത്തുന്നതെല്ലാം കേരളത്തിലെ സ്വകാര്യഗ്രൂപ്പുകളാണ്. സ്വകാര്യ ഗ്രൂപ്പുകളിൽ നിന്നും ടൂർഫെഡിനെ ഫലപ്രദമായ രീതിയിലേക്ക് മാറ്റിത്തീർക്കാൻ

സാധിച്ചാൽ ടൂർഫെഡിന് ഏറ്റവും ഫലപ്രദമായി ടൂറിസം സാദ്ധ്യതകൾ വിനിയോഗിക്കാൻ സാധിക്കും. ആ നിലയിലേക്ക് ഇതുമാറ്റിതീർക്കാനും ടൂർഫെഡിന്റെ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിച്ചും സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; അതിന് പരിഹാരമുണ്ടാക്കാനുള്ള എന്തെങ്കിലും ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ 24-11-2011-ൽ രജിസ്റ്റർ ചെയ്ത് 30-11-2011-ൽ പ്രവർത്തനമാരംഭിച്ച ടൂറിസം സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ. ടൂറിസം വകുപ്പിനുകീഴിൽ TAMS എന്ന ചുരുക്കപ്പേരിൽ കേരള സ്റ്റേറ്റ് ടൂറിസം അക്കാഡമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ് ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമാ ഇൻ ഏവിയേഷൻ, ഡിപ്ലോമാ ഇൻ ഹോസ്പിറ്റാലിറ്റി ആന്റ് കസ്റ്റമർ റിലേഷൻ എന്നീ കോഴ്സുകൾ അനധികൃതമായി നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സഹകരണസംഘം രജിസ്ട്രാർ ഇക്കാര്യത്തെ

സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിടുകയും 14-07-2016-ൽ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടൂർഫെഡിന് കോഴ്സുകൾ നടത്തുതിനോ പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകാനോ അധികാരമില്ല എന്നിരിക്കെ പരാതിക്കാധാരമായ കോഴ്സുകൾ നടത്തുകയും ഇതിനോടകം 108 വിദ്യാർത്ഥികൾക്ക് അംഗീകൃത യൂണിവേഴ്സിറ്റികളുടേതല്ലാത്ത സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായും സർക്കാർ മുദ്രയുമായി സാമ്യമുള്ള എംബ്ലം ഉപയോഗിച്ചുള്ള പരസ്യം നിയമവിരുദ്ധമായി നൽകിയതായും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരമോ അനുവാദമോ ഇല്ലാത്ത ഇത്തരം കോഴ്സുകളുടെ നടത്തിപ്പിനായി കേരളത്തിൽ എല്ലായിടത്തും ഫ്രാഞ്ചൈസികളെ തെരഞ്ഞെടുക്കുന്നതിനായി ടൂർഫെഡ് വക വെബ്സൈറ്റ് പരസ്യം നൽകി വിവിധ ജില്ലകളിൽ നിന്നായി 11 ഫ്രാഞ്ചൈസികളുമായി ധാരണയിലെത്തിയതായും കോഴ്സുകളുടെ നടത്തിപ്പ്, പാഠ്യപദ്ധതി, ഫീസ് ഘടന നിശ്ചയിക്കൽ തുടങ്ങി കോഴ്സുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മെസ്സേഴ്സ് ഹീരാ ട്രസ്റ്റ്, ഹീരാ കോംപ്ലക്സ്, പത്തനംതിട്ട എന്ന ഏജൻസിയുമായി 11-03-2015-ൽ ധാരണാപത്രം ഒപ്പിട്ടിരുന്നതായും ഫ്രാഞ്ചൈസി ഫീസിനത്തിൽ 35 ലക്ഷം രൂപയും കോഴ്സ് ഫീ

ഇനത്തിൽ ഒരു വിദ്യാർത്ഥിയിൽ നിന്നും ഒരു ലക്ഷം രൂപ ക്രമത്തിൽ പിരിച്ചും ഗവൺമെന്റ് അനുമതിയോ അംഗീകാരമോ നിയമാവലി വ്യവസ്ഥയോ യൂണിവേഴ്സിറ്റി അഫിലിയേഷനോ അക്രഡിറ്റേഷനോ ഇല്ലാതെയാണ് കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ എന്ന അപ്പെക്സ് സ്ഥാപനം പ്രസ്തുത കോഴ്സുകൾ നടത്തുന്നത്. ഇപ്രകാരം പൊതുജനങ്ങളിൽ തെറ്റിദ്ധാരണ നടത്തുന്ന പരസ്യങ്ങളും അംഗീകാരമില്ലാത്ത കോഴ്സുകളും ആരംഭിച്ച് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്ന നടപടികൾ സഹകരണ മേഖലയുടെ വിശ്വാസ്യതയ്ക്കും സൽപ്പേരിനും കളങ്കം വരുത്തുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നതുമാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. മേൽ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് കേരള സഹകരണ സംഘം നിയമം 65 പ്രകാരം വിശദമായ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 27-10-2016-ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

'ഗ്രാമം ആരാമം' പദ്ധതി

<u>ശ്രീ. അബ്ദുൽ ഹമീദ് പി.:</u> സർ, എന്റെ നിയമസഭാ മണ്ഡലത്തിലെ ചേലേമ്പ്രം പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി 'ഗ്രാമം ആരാമം' എന്നൊരു പദ്ധതി സംഘടിപ്പിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടുകൂടിയായിരുന്നു ആ പരിപാടി സംഘടിപ്പിച്ചിരുന്നത്. കഴിഞ്ഞ 3-4 മാസമായി അത് വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്നത്. കക്ഷി-രാഷ്ട്രീയത്തിനതീതമായി എല്ലാവരും ആ പരിപാടിയുമായി സഹകരിച്ചിരുന്നു. ഇങ്ങനെ ജനകീയ കൂട്ടായ്മയിലൂടെ സംഭരിച്ച മാലിന്യങ്ങൾ അവിടെനിന്നും ശേഖരിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി നിറവ് വേങ്ങേരി എന്നൊരു സ്ഥാപനവുമായാണ് പഞ്ചായത്ത് കരാർ ഉണ്ടാക്കിയിരുന്നത്. ഇതൊരു റെസിഡന്റ്സ് അസോസിയേഷൻ ആണെന്നാണ് മനസ്സിലാക്കുന്നത്. ഇത് കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിലെ റീ-സൈക്ലിംഗ് യൂണിറ്റിലേയ്ക്കാണ് മാലിന്യങ്ങൾ കൊണ്ടുപോകുന്നതെന്നാണ് പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിൽ പറഞ്ഞിരുന്നത്. ഇങ്ങനെ സമാഹരിച്ച മാലിന്യങ്ങൾ ഏകദേശം 19 ലോറികളിൽ കൊണ്ടുപോകുന്നത് കഴിഞ്ഞ ഒക്ടോബർ 23-ാം തീയതി

ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനുമൊക്കെ പങ്കെടുത്ത വലിയൊരു ചടങ്ങിൽ വച്ചാണ്. അതിന്റെ ഫ്ലാഗ് ഓഫ് നടത്തിയത് നമ്മുടെ പ്രിയപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നു. അങ്ങനെ കൊണ്ടുപോകുന്ന മാലിന്യങ്ങൾ കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിലെ റീ-സൈക്ലിംഗ് യൂണിറ്റിലേയ്ക്കാണെന്നാണ് പറഞ്ഞിരുന്നത്. അതാണ് പഞ്ചായത്തുമായി അവരുണ്ടാക്കിയ കരാർ. ഒരു ലോഡിന് ഏകദേശം 27,000/- രൂപയായിരുന്നു വാടക നിശ്ചയിച്ചിരുന്നത്. അങ്ങനെ മാലിന്യങ്ങൾ കൊണ്ടുപോയ മുഴുവൻ വണ്ടികളും കേരള – തമിഴ്നാട് അതിർത്തിയിൽ വച്ച് 24-ാം തീയതി തമിഴ്നാട് പോലീസ് കസ്റ്റഡിയിലെടുക്കുകയും ലോറിയിലെ ജീവനക്കാരായ 24-ഓളംപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. തമിഴ്നാട്ടിലെ ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് ഈ മാലിന്യങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ടാണ് അറസ്റ്റും മറ്റു കാര്യങ്ങളും ഉണ്ടായതെന്നാണ് മനസ്സിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതമായി ഏകദേശം 14 ലക്ഷം രൂപയും നാട്ടിൽ നിന്നുള്ള പിരിവുമൊക്കെ വച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചിരുന്നത്. കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിലെ റീ-സൈക്ലിംഗ് യൂണിറ്റിലേയ്ക്ക് കൊണ്ടുപോയ മാലിന്യ ലോറികൾ തമിഴ്നാട് പോലീസിന്റെ

കസ്റ്റഡിയിൽ എത്തിയെന്നത് സംബന്ധിച്ച് ദുരൂഹത നിലനിൽക്കുകയാണ്. അത് സംബന്ധമായ ദുരൂഹത മാറ്റുന്നതിനുവേണ്ടിയുള്ള അടിയന്തരമായ അന്വേഷണം നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

'ഗ്രാമം ആരാമം' പദ്ധതി

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ചേലേമ്പ്രം പഞ്ചായത്തിൽ നിന്ന് ഇ-മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും കർണ്ണാടകയിലെ മാണ്ഡ്യയിലേയ്ക്ക് കൊണ്ടുപോകുന്നതിനുവേണ്ടി നിറവ് എന്ന വേങ്ങേരിയിലുള്ള ഒരു സ്ഥാപനത്തിന് കരാർ കൊടുത്തിരുന്നു. അവർ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ചില കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനിൽ പറയുന്നത്. നിറവിന് ഒരു പൈസയും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഇതുവരെ നൽകിയിട്ടില്ല. ഒരു പൈസയും നൽകരുതെന്ന ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, ഇത്തരമൊരു വഞ്ചന കാണിച്ചതിന് നിറവിനോട് വിശദീകരണവും ആവശ്യപ്പെട്ടിട്ടുണ്ട്.

അവിടെ അറസ്റ്റ് ചെയ്യപ്പെട്ട ആളുകൾക്ക് ഇപ്പോൾ ജാമ്യം കിട്ടിയെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കോയമ്പത്തൂരിലെ എ.ഡി.ജി.പി. (ലാ ആന്റ് ഓർഡർ)-യുമായി നമ്മുടെ ഡി.ജി.പി. കോൺടാക്ട് ചെയ്തിരുന്നു. നിയമപരമായി മാത്രമേ ആ പ്രശ്നം ഇനി നമുക്ക് പരിഹരിക്കാൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേലിൽ ഏതെങ്കിലും സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നത് ശ്രദ്ധിച്ചുവേണമെന്നുള്ള നിർദ്ദേശവും വളരെ ജാഗ്രത ഇക്കാര്യത്തിൽ പുലർത്തണമെന്നുള്ള നിർദ്ദേശവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

അഷ്ടമുടിക്കായൽ സംരക്ഷണവും മാലിന്യമുക്തമാക്കലും

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. വലിപ്പത്തിൽ രണ്ടാം സ്ഥാനവും ആഴത്തിൽ ഒന്നാം സ്ഥാനവും ഉണ്ടായിരുന്ന കായലാണ് അഷ്ടമുടിക്കായൽ. നമ്മുടെ രാജ്യത്തെ സമ്പന്നമായ മത്സ്യ-ജൈവ വൈവിധ്യങ്ങളുടെ ശേഖരമായിരുന്ന അഷ്ടമുടിക്കായൽ. 1956-ൽ 54 ചതുരശ്ര കിലോമീറ്ററായിരുന്നു അതിന്റെ വിസ്തൃതിയെങ്കിൽ, ഇന്നത് 34 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയിട്ടുണ്ട്. കായൽ കയ്യേറ്റങ്ങളിലൂടെയും മാലിന്യ

നിക്ഷേപത്തിലൂടെയും കായൽ നികത്തിയതിലൂടെയും 54 ചതുരശ്ര കിലോമീറ്ററെന്നത് 34 ചതുരശ്ര കിലോമീറ്ററായി കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ അതിന്റെ ആഴവും 6.4 മീറ്റർ മാത്രമായി മാറിയിരിക്കുകയാണ്. ഒരു ജനതയുടെ നിലനിൽപ്പിനായി സംരക്ഷിക്കേണ്ടതെന്ന്........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, ചുരുക്കി അവതരിപ്പിക്കണം.

ശ്രീ. എം. നൗഷാദ്: ഇവിടെ 8 മിനിട്ടൊക്കെ കൊടുത്തല്ലോ;

International Union for Conservation of Nature and Natural Resources -ന്റെ റാംസർ പട്ടികയിൽ ഉൾപ്പെട്ട കായലാണ് അഷ്ടമുടിക്കായൽ. 97 ഇനം മത്സ്യങ്ങൾ അതിലുണ്ടായിരുന്നു. 43 ഇനം കണ്ടൽക്കാടുകൾ ഉണ്ടായിരുന്ന സ്ഥലവും 57 ഇനം സസ്യജാലങ്ങൾ ഉണ്ടായിരുന്ന മേഖലയുമാണത്. പക്ഷെ ഇന്ന് അതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. കേരളത്തിലെ ചെമ്മീൻ ഉത്പാദനത്തിന്റെ 60 ശതമാനവും ഉത്പാദിപ്പിക്കുന്ന സമുദ്രാതിർത്തിയായ ക്വയിലോൺ ബാങ്ക് എന്നറിയപ്പെടുന്ന നഴ്സറിയാണ് യഥാർത്ഥത്തിൽ അഷ്ടമുടിക്കായൽ. ഇന്നവിടെ നാറ്റം കാരണം മനുഷ്യന് അടുക്കാൻ കഴിയാത്ത തരത്തിലുള്ള ബുദ്ധിമുട്ടിലേയ്ക്ക്

പോയിക്കൊണ്ടിരിക്കുകയാണ്. 8 ശാഖകൾ ഉള്ളതുകൊണ്ടാണ് ഇതിനെ അഷ്ടമുടിക്കായൽ എന്ന് പറഞ്ഞിരിക്കുന്നത്. അതിൽ ഒരു ശാഖയായ കാഞ്ഞിരോട്ട് കായലിലെ കരിമീൻ ലോക പ്രശസ്തമാണ്. പക്ഷെ ഇന്ന് ജലത്തിലെ ലയഓക്സിജന്റെ കുറവുകാരണം മത്സ്യ സമ്പത്തും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വിവിധ വകുപ്പുകളുടെ ഏകോപനമുണ്ടാകേണ്ട ഒന്നാണിതിന്റെ സംരക്ഷണം എന്നുള്ളതുകൊണ്ട് ഇത് സംരക്ഷിക്കപ്പെടുന്നതിനും പ്രസിഡന്റ്സ് ട്രോഫി ജലോത്സവം നടക്കുന്ന വേദിയായതുകൊണ്ടുതന്നെ ഇത് സംരക്ഷിക്കപ്പെടുന്നതിനും ഒരു അഷ്ടമുടിക്കായൽ സംരക്ഷണ അതോറിറ്റിയോ അതല്ലെങ്കിൽ അഷ്ടമുടിക്കായൽ മാത്രമല്ല മറ്റു കായലുകളായ ശാസ്താംകോട്ട കോയൽ, വേമ്പനാട് കായൽ തുടങ്ങിയ കേരളത്തിലെ കായലുകളുടെ സംരക്ഷണത്തിനായി ഒരു കായൽ സംരക്ഷണ അതോറിറ്റി രൂപീകരിച്ചുകൊണ്ട് ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രൂപത്തിൽ ഒരു അതോറിറ്റി രൂപീകരിക്കണമെങ്കിൽ,

അതൊരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയായിരിക്കണം, നിയമ സാധുത വേണം. അതിനെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭയുടെ കാലഘട്ടത്തിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചിരുന്നു. ബിൽ അവതരിപ്പിക്കാൻ കഴിയാതെ സഭ കഴിഞ്ഞതോടുകൂടി അത് ലാപ്സായിരിക്കുകയാണ്. അതിൽ വിവക്ഷിച്ചിരുന്നത്, ഓരോ കായലുകൾക്കും തണ്ണീർത്തടങ്ങൾക്കും വെവ്വേറെ അതോറിറ്റിയെന്നുള്ളതായിരുന്നില്ല. അതിനേക്കാൾ ഉചിതം, സമഗ്രമായ ഒരു നിയമനിർമ്മാണത്തിലൂടെ ഒരു സംസ്ഥാനതല അതോറിറ്റിയും അതിനുകീഴിൽ പ്രാദേശികമായ ഒരു കൂട്ടം തണ്ണീർത്തടങ്ങൾ ഉൾപ്പെടുത്തി പ്രാദേശിക അതോറിറ്റിയും രൂപീകരിക്കുകയെന്നുള്ളതാണ്. അതിന് കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003-ൽ ഭേദഗതി ചെയ്ത വിഷയം പരിഗണനയിലുണ്ട്. ആ വിഷയം പ്രത്യേകമായി കൈകാര്യം ചെയ്യാം. അതേസമയംതന്നെ കായൽ സംരക്ഷിക്കാൻ ആവശ്യമായ ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾ പുതിയ മിഷനിലോ മറ്റോ ഉൾപ്പെടുത്തി ചെയ്യുന്ന കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

<u>കുടിവെള്ള ക്ഷാമം</u>

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ

കുടിവെള്ള പ്രശ്നത്തിന്റെ കാര്യമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. മന്ത്രിയുടെ അടുത്ത് പലപ്രാവശ്യം ചർച്ച ചെയ്ത വിഷയമാണ്. എന്നാലും വളരെ ഗുരുതരമായ അവസ്ഥ ആയതുകൊണ്ടാണ് ഇപ്പോൾ ഞാനിത് സബ്മിഷനായി അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ ചവറയിലെ കുടിവെള്ള പ്രശ്നം വളരെ ഗുരുതരമാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ വിഷയം പ്രധാന അജണ്ടയായിരുന്നു. ഞാൻ എം.എൽ.എ. ആയാൽ അധികാരത്തിൽവരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെക്കൊണ്ട് കുടിവെള്ള പ്രശ്നത്തിന് ആദ്യം പരിഹാരം ഉണ്ടാക്കുമെന്നാണ് ജനങ്ങൾക്ക് കൊടുത്ത വാക്ക്. അവരെന്നെ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തു. ചവറയിലെ കെ.എം.എം.എൽ., ഐ.ആർ.ഇ. എന്നീ വ്യവസായ സ്ഥാപനങ്ങളുടെ മലിനീകരണംമൂലം കിണറുകളിൽനിന്നും ശുദ്ധജലം ലഭിക്കുന്നില്ല. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ ചവറ-പന്മന കുടിവെള്ള പദ്ധതിയാണ് ഏക ആശ്രയം. അതാകെ കുഴപ്പത്തിലാണ്. കുടിവെള്ള വിതരണം ജലനിധി എന്ന പേരിൽ ജനകീയ സമിതിയാണ് ഏറ്റെടുത്തിരിക്കുന്നത്. ജലനിധിയിലേയ്ക്ക് വെള്ളം കൊണ്ടു വരേണ്ടത് ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽനിന്നാണ്. അതാകെ വറ്റി വരണ്ടിരിക്കുന്നു. കൊല്ലം നഗരത്തിലേയ്ക്കും ശാസ്താംകോട്ടയിൽനിന്നാണ് വെള്ളം ഉപയോഗിക്കുന്നത്.

ജലനിരപ്പ് ക്രമാതീതമായി താഴ്ന്നതിനാൽ വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്നില്ല. ഒരു ബദൽ പദ്ധതി അടിയന്തരമായി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കണം. കടപുഴയിലെ കല്ലടയാർ സ്രോതസ്സാക്കിയുള്ള കൊല്ലം നഗരത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി ഇഴഞ്ഞു നീങ്ങുകയാണ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി 9 ശതമാനം മാത്രമാണ് പൂർത്തിയാക്കിയത്. അടിയന്തരമായി ഈ പദ്ധതി പൂർത്തിയാക്കിയാൽ ചവറ-പന്മന കുടിവെള്ള പദ്ധതിക്ക് ശാസ്താംകോട്ട കായലിൽനിന്നും സുലഭമായി ജലം ലഭിക്കും. കിണർ കുഴിക്കാതെ വെള്ളം പമ്പ് ചെയ്യാനുള്ള സാങ്കേതിക വിദ്യ അവിടെ നടപ്പാക്കണം. താൽക്കാലികമായി കെ. ഐ. പി. കനാലിൽനിന്നും വെള്ളം പമ്പ് ചെയ്ത് ശാസ്താംകോട്ടയിൽ ശുദ്ധീകരിച്ച് ചവറ-പന്മന കുടിവെള്ള പദ്ധതിയിൽ എത്തിക്കുന്നതിനുള്ള പമ്പ് സെറ്റുകൾ അടിയന്തരമായി സ്ഥാപിക്കാൻ നിർദ്ദേശിക്കണം. മഴ കുറവാണെന്ന കാര്യവും കുടിവെള്ള ക്ഷാമം രൂക്ഷമാകുമെന്ന കാര്യവും ഇപ്പോഴേ മുന്നിൽ കണ്ട് മുന്നൊരുക്കങ്ങൾ നടത്തിയില്ലെങ്കിൽ വലിയ പ്രതിസന്ധിയുണ്ടാകും. ഇടതുപക്ഷ സർക്കാർ അക്കാര്യത്തിൽ അതീവ ശ്രദ്ധ കാണിക്കണം. ഈ നാട്ടിലെ കുടിവെള്ള ക്ഷാമത്തിന്റെ ഗൗരവം ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ചൂണ്ടിക്കാണിച്ചതുപോലെ തെരഞ്ഞെടുപ്പ് സമയത്ത് അദ്ദേഹം ജനങ്ങളോട് ഈ വിഷയം പറയുകയും ജനങ്ങൾ അദ്ദേഹത്തെ വിജയിപ്പിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം എം.എൽ.എ. ആയ സമയം മുതൽ ഞാൻ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത പിറ്റേ ദിവസം മുതൽ ഈ വിഷയം വളരെ ഗൗരവമായി എന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. ചില സംവിധാനങ്ങൾ രൂപപ്പെടുത്തിയിട്ടല്ലാതെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. കുടിവെള്ളം ഉണ്ടാകണമെന്ന് ആഗ്രഹിച്ചാലും അതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തണം. ഇപ്പോഴവിടെയുള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്. ചവറ-പന്മന കുടിവെള്ള പദ്ധതിയുടെ ഉറവിടം ശാസ്താംകോട്ട തടാകമാണ്. ശാസ്താംകോട്ട തടാകത്തിന് സമീപമുള്ള ശുദ്ധീകരണ ശാലയിൽ നിന്നുമാണ് ചവറ-പന്മന പഞ്ചായത്തുകളിലേയ്ക്ക് ഇപ്പോൾ ജലം നൽകി വരുന്നത്. ഇതിന്റെ ശുദ്ധീകരണശാലയും കൊല്ലം നഗരത്തിലേയ്ക്കും സമീപ പ്രദേശങ്ങളിലേയ്ക്കും വിതരണം ചെയ്യുന്ന ശുദ്ധീകരണ ശാലകളും ശാസ്താംകോട്ടയിൽ തന്നെയാണ് നിർമ്മിച്ചിരിക്കുന്നത്. ശാസ്താംകോട്ടയിൽ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ വരൾച്ചാ സമയത്ത് ഈ തടാകത്തിലെ

ജലനിരപ്പ് ക്രമാതീതമായി താഴുകയും പമ്പ് ചെയ്യുന്നതിനുള്ള വെള്ളം തീരെ ലഭ്യമല്ലാതെ വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ഈ വിഷയം ചൂണ്ടിക്കാണിച്ചതുപോലെ അപ്പോഴുണ്ടാക്കാൻ കഴിയുന്ന ഒരു സംവിധാനമെന്ന നിലയിൽ സമീപത്തുള്ള കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാലിൽനിന്നും വെള്ളം താൽക്കാലികമായി പമ്പ് ചെയ്ത് ശുദ്ധീകരണ ശാലയിൽ എത്തിച്ചാണ് ജലവിതരണം നടത്തിയത്. കെ. ഐ. പി. കനാലിൽനിന്നുള്ള വെള്ളം ചവറ-പന്മന ശുദ്ധീകരണ ശാലയിൽകൂടി എത്തിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരികയാണ്. ഇതിനായി രണ്ട് പമ്പ് സെറ്റുകൾക്കും ഇന്റർ കണക്ഷൻ ജോലികൾക്കുമായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിലൂടെ ചവറ-പന്മന പ്രദേശത്തെ ജലവിതരണം മെച്ചപ്പെടുത്താനും ശാസ്താംകോട്ടയിൽ നിന്നെടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കാനും കഴിയും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കൊല്ലം നഗരത്തിനായുള്ള കടപുഴ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 9 ശതമാനം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാം. പക്ഷേ ഇതേ സമയം, കിണർ പണിയാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം സംബന്ധിച്ച് ഒരു കേസ്

നിലവിലുള്ളതിനാൽ പണികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഈ പദ്ധതികൾക്ക് പുറമേ കൊല്ലം നഗരത്തിനും സമീപ പ്രദേശങ്ങൾക്കുമായി കല്ലടയാറ്റിൽനിന്ന്, കല്ലടയാറ്റിലെ ഞാങ്കടവിൽ നിന്നും 100 എം.എൽ.ഡി. (100 ദശലക്ഷം ലിറ്റർ) വെള്ളം എടുത്ത് വിതരണം ചെയ്യുതിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടം 78 കോടി രൂപ 2016-17 ലെ അമൃത് കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടം 235 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ആകെ ഈ സംസ്ഥാനത്ത് 9009 കോടി രൂപയുടേതാണ് 27/10-ലെ ഉത്തരവു പ്രകാരം സമർപ്പിച്ചത്. അതിൽ 2,035 കോടി രൂപയും ബഹുമാനപ്പെട്ട എം.എൽ.എ.യുടേയും സമീപ സ്ഥലത്തെ എം.എൽ.എ. മാരുടേയും കൊല്ലം ജില്ലയിലെ എം.എൽ.എ.മാരുടെയും നിരന്തരമായ ആവശ്യത്തെ തുടർന്ന് അത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് 27.10.2016-ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കാൻ സ്വാഭാവികമായും സമയമെടുക്കും. അത് പൂർത്തിയാകുന്നതോടെ ശാസ്താംകോട്ട തടാകത്തിൽ നിന്നുള്ള ജല ഉപഭോഗത്തിൽനിന്നും കൊല്ലം നഗരത്തെ പരിപൂർണ്ണമായും ഒഴിവാക്കി ശാസ്താംകോട്ടയുടെ പരിസര പ്രദേശങ്ങളിലടക്കം നമുക്ക് വെള്ളം കൊടുക്കാൻ

കഴിയും. ഇപ്പോഴുള്ള പദ്ധതി ശാസ്താംകോട്ടയുടെ പരിസര പ്രദേശങ്ങൾക്കായി പരിമിതപ്പെടുത്താനും കഴിയും.

സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തിരുവനന്തപുരം ജില്ലയിൽ കുടിവെള്ളമെത്തിക്കുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സാണ് അരുവിക്കര ഡാം. 1930 കളിൽ തിരുവിതാംകൂർ രാജഭരണത്തിന്റെ കാലത്തുണ്ടാക്കിയ ഈ ഡാമിൽനിന്നുള്ള വെള്ളമാണ് ഇവിടത്തെ സ്കൂളുകളിലും വീടുകളിലും സെക്രട്ടേറിയറ്റിലും എം.എൽ.എ. ഹോസ്റ്റലുകളിലുമൊക്കെ എത്തുന്നത്. പക്ഷേ ഒരു പ്രധാനപ്പെട്ട പ്രശ്നം, ഈ ഡാം സ്ഥിതി ചെയ്യുന്ന അരുവിക്കര പഞ്ചായത്തിലും അതിനോടൊപ്പം അരുവിക്കര പഞ്ചായത്തിന് സമീപ പ്രദേശങ്ങളായ വെള്ളനാട് പഞ്ചായത്തിലും ഉഴമലയ്ക്കൽ പഞ്ചായത്തിലും ആര്യനാട് പഞ്ചായത്തിലും, ഈ നാല് പഞ്ചായത്തുകളും എന്റെ മണ്ഡലത്തിലാണ്, കുടിവെള്ളത്തിന് വലിയ ക്ഷാമമാണ്. കഴിഞ്ഞ 15 ദിവസമായി അരുവിക്കരയിലുള്ള അഴീക്കോട് മേഖലയിലും അതിനോടൊപ്പം വെള്ളനാട്ടുള്ള കുതിരകുളം മേഖലയിലുമൊക്കെ വെള്ളമില്ലാത്തതിന്റെ പേരിൽ വലിയ പ്രക്ഷോഭങ്ങൾ നടക്കുകയാണ്. ഇതൊക്കെ കണ്ടുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ സമയത്ത് അരുവിക്കര, വെള്ളനാട്,

ഉഴമലയ്ക്കൽ, ആര്യനാട് പഞ്ചായത്തുകളേയും അതിനോടൊപ്പം നെടുമങ്ങാട് മുനിസിപ്പാലിറ്റിയേയും സമന്വയിപ്പിച്ചുകൊണ്ട് 85 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്ലാൻ, ഒരു പ്രോജക്റ്റ് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിയത്. അതിന്റെ ആദ്യ ഭാഗമായി 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിക്കുകയും ചെയ്യപ്പെട്ടിരുന്നു. എന്നാൽ അതിനുശേഷം ഈ പദ്ധതി മുന്നോട്ടു പോയിട്ടില്ല. എനിക്ക് അങ്ങയോട് പറയുവാനുള്ളത്, ഈ നാല് പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റിയെയും സമന്വയിപ്പിക്കുന്ന ഈ പദ്ധതി എത്രയും പെട്ടെന്ന് മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കണമെന്നും അതിനോടൊപ്പം എന്റെ മണ്ഡലത്തിലെതന്നെ മറ്റു രണ്ടു പഞ്ചായത്തുകളായ വിതുര പഞ്ചായത്തിലേയും തൊളിക്കോട് പഞ്ചായത്തിന്റേയും വിതുര- തൊളിക്കോട് കുടിവെള്ള പദ്ധതി വളരെ പതുക്കെ ഇഴഞ്ഞുനീങ്ങുകയാണ്. വിതുരയിലെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും തൊളിക്കോട് ഭാഗത്ത് സ്ഥലം ഏറ്റെടുപ്പു കാരണമുള്ള പ്രശ്നങ്ങൾ കാരണം ആ പദ്ധതി മുന്നോട്ടു പോകുന്നില്ല. അതുകൊണ്ട് ഈ രണ്ടു പദ്ധതികളും, നാല് പഞ്ചായത്തുകളെയും സമന്വയിപ്പിക്കുന്ന പദ്ധതിയും അതിനോടൊപ്പം നടന്നുകൊണ്ടിരിക്കുന്ന വിതുര-തൊളിക്കോട് പഞ്ചായത്ത് പദ്ധതികളും എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം, തുടങ്ങണം എന്നു പറയുന്നതിനുവേണ്ടിയാണ് ഞാൻ

ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, വിതുര പദ്ധതിയെ സംബന്ധിച്ചുള്ള സബ്മിഷൻ ഈ നോട്ടീസിൽ ഇല്ലാത്തതുകൊണ്ട് എനിക്ക് അതിന്റെ ഉത്തരം ശേഖരിച്ചിട്ടേ പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ സബ്മിഷൻ നോട്ടീസിൽ തന്ന വിവരങ്ങൾക്ക് മറുപടി പറയാം. ആര്യനാട്, ഉഴമലയ്ക്കൽ, അരുവിക്കര, വെള്ളനാട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി അരുവിക്കര പഞ്ചായത്തിലെ കരമനയാറ്റിൽ കുവക്കുടി പാലത്തിന് സമീപത്തായി 20 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാല നിർമ്മിക്കുന്നതുൾപ്പെടെ 52.75 കോടി രൂപ മതിപ്പ് ചെലവുള്ള ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരളാ വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. എന്നാൽ ഈ പദ്ധതിയുടെയും നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ വിപുലീകരണത്തിനായുള്ള കുടിവെള്ള പദ്ധതിയുടെയും ശുദ്ധീകരണ ശാലകൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് അരുവിക്കര പഞ്ചായത്തിലെ അരുവിക്കര ജലസംഭരണിക്ക് സമീപത്തുള്ള കുവക്കുടി എന്ന സ്ഥലത്താകയാൽ ആര്യനാട്, ഉഴമലയ്ക്കൽ, അരുവിക്കര, വെള്ളനാട് എന്നീ പഞ്ചായത്തുകളേയും നെടുമങ്ങാട് മുനിസിപ്പാലിറ്റിയേയും സംയോജിപ്പിച്ച് ജനങ്ങൾക്ക് കൂടുതൽ ശുദ്ധമായ ജലം

നൽകുക എന്ന ലക്ഷ്യത്തോടെ ഒരു ബൃഹദ്പദ്ധതിയുടെ perspective plan ഉൾപ്പെടെയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരളാ വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂമി ഇടപാടുകളും നിയമനങ്ങളും

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി നേരത്തെ സംസാരിക്കുകയും പരാതി നൽകുകയും ചെയ്തിട്ടുള്ള ഒരു സംഗതിയാണ്. 2005-ൽ മാട്ടുപ്പെട്ടി, കുണ്ടള പോലുള്ള ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ സ്വകാര്യ വ്യക്തികൾക്ക് സംഘങ്ങളുടെ പേരിൽ നൽകിയിട്ടുള്ള ഭൂമി സർക്കാരിൽത്തന്നെ നിലനിർത്തണമെന്ന് സഖാവ് വി.എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ളവർ സമരം നടത്തുകയും പിന്നീടത് ക്യാൻസൽ ചെയ്യുകയും ഒക്കെ ചെയ്തിട്ടുള്ള സംഭവത്തിനുശേഷം 2015-ൽ വീണ്ടും അതേപടി... കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ മാട്ടുപെട്ടി ഡാം ഉൾപ്പെടെയുള്ള ക്യാച്ച്മെന്റ് ഏരിയയിൽ ഡാം സേഫ്റ്റി നിയമം നോക്കാതെ അതിന് വിരുദ്ധമായി ചില നടപടികളും നിയമപഴുതും നോക്കി അവർക്ക് നടപടിക്രമങ്ങൾ, പ്രവർത്തനങ്ങൾ നടത്തുവാൻ ആ സ്ഥലം വിട്ടുനൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ വിട്ടു നൽകിയിട്ടുള്ളതിൽ എൽ.ഡി.എഫ്. സർക്കാരിന്റെ നയത്തിന്റെ ഭാഗമായി എന്തെല്ലാമാണ് നമുക്ക് നടപടികൾ

സ്വീകരിക്കാമെന്നുള്ളതും അതുപോലെതന്നെ ഹൈഡൽ ടൂറിസം പോലുള്ള സ്ഥാപനങ്ങൾ നിലനിൽക്കുവാൻ ഇത്തരത്തിലുള്ള നടപടികളിൽ വിട്ടു നൽകിയിട്ടുള്ള ഭൂമി വീണ്ടെടുത്ത് ഹൈഡൽ ടൂറിസത്തിനെക്കൊണ്ട് ഇത്തരത്തിലുള്ള ഫങ്ഷനുകൾ, ഇത്തരത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥനയുള്ളത്. അതുകൊണ്ട് ഇപ്പോഴുള്ള കരാറുകൾ റദ്ദു ചെയ്യുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുകൂടി മനസ്സിലാക്കിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി(ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. രാജേന്ദ്രൻ ഈ പ്രശ്നം നേരത്തേ തന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. നമ്മൾ ഒരു സംഘം രജിസ്റ്റർ ചെയ്ത് ഹൈഡൽ ടൂറിസത്തിന് പ്രാധാന്യം കൊടുത്ത് അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലം അതിന്റെ മീറ്റിംഗ് ചേർന്നതായി കാണാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ സംഘത്തിന്റെ മീറ്റിംഗ് ഒന്നിലധികം പ്രാവശ്യം ചേർന്ന് പുതിയ ഭരണസമിതി യോഗം ചേർന്ന് ഹൈഡൽ ടൂറിസം വിപുലീകരിക്കുന്നതിന് വേണ്ടിയുള്ള

വിപുലമായ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നമ്മൾ നോക്കുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹൈഡൽ ടൂറിസത്തിന്റെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയപ്പോൾ ചില സംരംഭങ്ങൾ സംയുക്ത സംരഭങ്ങളായും, വരുമാനം പങ്കിടൽ രീതിയിലും പുറം സംരഭകർക്ക് നൽകിയിട്ടുണ്ട് എന്നു കാണാൻ സാധിച്ചിട്ടുണ്ട്. കൂടാതെ അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിന് കടകളും പാർക്കിംഗ് ഏരിയ മുതലായവയും ടെണ്ടർ വ്യവസ്ഥയിലൂടെ നൽകിയതായും കാണുന്നു. അതിന്റെ ഒരു പ്രത്യേകത എന്നുപറയുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ ഇത്തരം കരാറുകളിൽ ചിലത് 19 വർഷം വരെ കാലാവധിയുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുന്നതുപോലെ പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് ഭൂമി നൽകിയിട്ടില്ല, അത് പരിശോധിച്ചതാണ്. ഏതായാലും സ്വകാര്യ വ്യക്തികളുടെ കൈകളിൽ പെട്ടുപോയിട്ടുള്ള ഭൂമി തിരികെ പിടിക്കാനും ഹൈഡൽ ടൂറിസത്തിന്റെ അനന്തമായ സാധ്യതകളെ ഉപയോഗപ്പെടുത്തി ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കാനും ആവശ്യമായിട്ടുള്ള അന്വേഷണം ഗവൺമെന്റ് നടത്തുകയാണ്, നിയമപരമായ അന്വേഷണമാണ്. നിയമത്തിന്റെ വഴിയിലൂടെ മാത്രമേ നമുക്ക്

സഞ്ചരിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് നിയമപരമായ അന്വേഷണം നടത്തുന്നുണ്ട്. അംഗം ചോദിച്ചതുപോലെ ഹൈഡൽ ടൂറിസം കേന്ദ്രങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ പ്രാദേശികമായി ലഭ്യമാക്കാവുന്ന അനുയോജ്യരായ ആളുകളെ ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഇങ്ങനെ വിവിധ ജോലികൾക്ക് പ്രാദേശികമായി ആളുകളെ നിയോഗിക്കുമ്പോൾ പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെ മറ്റു വിശദമായ പരിശോധനകൾ നടത്തുന്നതായി കാണുന്നില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയ സംഭവങ്ങൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകും, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൂടിയ ഒന്നാമത്തെ ഗവേണിങ് ബോഡി ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആളുകളുടെ നിയമനവും വേതനവും സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്. അടുത്ത മാസം തന്നെ സമിതിയുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് അതിനാവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കും. അതുപോലെ തന്നെ വൈദ്യുതി ബോർഡിൽ നിന്ന് നഷ്ടപ്പെട്ടുപോകാൻ ഇടയുണ്ടെന്ന് കരുതുന്നതായിട്ടുള്ള ഭൂമി തിരികെപിടിക്കാൻ ആവശ്യമായിട്ടുള്ള

നിയമനടപടികൾക്കും സംഘം ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുമെന്നാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

<u>യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. രാജൻ</u>: സർ, എന്റെ മണ്ഡലമായ ഒല്ലൂരിൽ കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിക്ക് അറിയുന്നതുപോലെ തികച്ചും സാധാരണക്കാരായ കർഷകർ ഉൾപ്പെടുന്ന വളരെ റിമോട്ടായ ഒരു മലയോര മേഖലയാണ് ആശാരിക്കാട് യു.പി. സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രം. ഇത് കേവലം ഒരു സ്കൂളിന്റെ അപ്ഗ്രഡേഷന് വേണ്ടിയുള്ള ആവശ്യപ്പെടലല്ല, എങ്കിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതു സംബന്ധിച്ച് ഒരു നിവേദനമേ തരുമായിരുന്നില്ല. എന്നാൽ ഈ സ്ഥലത്തിന്റെ പൊതുവായ പ്രത്യേകതകൾ വച്ചുകൊണ്ട്, വാഹന സൗകര്യം വളരെക്കുറവും വിദ്യാഭ്യാസ സാധ്യതകൾ തീരെയില്ലാത്തതുമായ ഒരു പ്രദേശത്താണ് ഏതാണ്ട് 283 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ യു.പി. സ്കൂൾ നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ നടത്തറ പഞ്ചായത്തിലാണ് ഈ സ്കൂൾ, നടത്തറ പഞ്ചായത്തിൽ മറ്റൊരിടത്തും സർക്കാരിന്റെ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നില്ല. ഈ സ്ഥലം നടത്തറ പഞ്ചായത്തിലാണെങ്കിലും നടത്തറ പഞ്ചായത്തും, അതിനോട് ചേർന്നുകിടക്കുന്ന പാണഞ്ചേരി പുത്തൂർ പഞ്ചായത്തുകളുടേയും പ്രധാനപ്പെട്ട പ്രദേശങ്ങളായ

വെള്ളച്ചാൽ, ദർഭ, കാളക്കുന്ന്, പാപ്പിനിശ്ശേരി, പയ്യനം, ആശാരിക്കാട്, ചേരുംകുഴി, മുരുക്കുംകുണ്ട്, വട്ടപ്പാറ അങ്ങനെ തുടങ്ങുന്ന ആദിവാസികൾ ഉൾപ്പെടെ താമസിച്ചുവരുന്ന വളരെ റിമോട്ടായിട്ടുള്ള ഒരു പ്രദേശമാണ് ആശാരിക്കാട് യു.പി. സ്കൂൾ. ഈ യു.പി. സ്കൂളിൽ നിന്ന് ഒരു ഹൈസ്കൂളിൽ പഠിക്കാൻ പോകണമെങ്കിൽ മാധവമംഗലം ഗവൺമെന്റ് ഹൈസ്കൂളിലേക്ക് അങ്ങേക്ക് അറിയാവുന്നതുപോലെ 8 കിലോമീറ്റർ ദൂരമുണ്ട്. ഈ പഞ്ചായത്തിലെ മറ്റൊരു ഹൈസ്കൂളായ പൂച്ചട്ടിയിലേക്ക് 12 കിലോമീറ്റർ ഉണ്ട്. ഇതിന്റെ തൊട്ട് ഇപ്പുറത്തുള്ള പട്ടിക്കാട് ഹൈസ്കൂളിലേക്ക് 10 കിലോമീറ്ററും, പീച്ചി ഹൈസ്കൂളിലേക്ക് 9 കിലോമീറ്ററും യാത്ര ചെയ്തുവേണം മറ്റൊരു ഹൈസ്കൂളിലെത്താൻ. കിലോമീറ്റർ പറയുമ്പോൾ അങ്ങേക്ക് നന്നായി അറിയാവുന്ന സ്ഥലമെന്ന നിലയ്ക്ക് ഞാൻ വിവരിക്കേണ്ടതില്ല. ഇത് സാധാരണ നേരിട്ട് പോകാൻ കഴിയുന്ന ഒരു പ്രദേശമല്ല, മലയോര മേഖലയാണ്. അവിടെ 8 മണിക്കും ഒൻപതര മണിക്കുമിടയിൽ ഈ സ്കൂളുകളിലേക്ക് പോകാൻ ആകെയുള്ളത് 3 ബസ്സുകൾ മാത്രമാണ്. അരമണിക്കൂർ മുതൽ ഒന്നേകാൽ മണിക്കൂർ വരെ കാത്തുനിന്നാൽ മാത്രമാണ് ഈ സ്കൂളുകളിലേക്ക് പോകാനുള്ള ഒരു യാത്രാസൗകര്യമുണ്ടാകുക. ആ മേഖലയിലെ ആളുകളെ സ്കൂളുകളിലേക്ക് കൊണ്ടുവരാൻ പ്രൈവറ്റ് വാഹനങ്ങൾ, അതായത് പ്രൈവറ്റ് സ്കൂളുകളുടെ വാഹനങ്ങൾ ഒരുപാട് വരികയും പോകുകയും

ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും കേരളത്തിന്റെ വിദ്യാഭ്യാസമന്ത്രി പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപ്പിനുവേണ്ടി, അധികാരമേറ്റ ദിവസം മുതൽ വലിയ ഇടപെടൽ നടത്തുന്ന ഒരു മന്ത്രി എന്ന നിലയിൽ സ്വാഭാവികമായും യാത്ര ചെയ്യാൻ കഴിയാത്ത വിദ്യാർത്ഥികൾ പണം ഇത്തിരികൂടുതൽ ചിലവാക്കിയാലും സ്വകാര്യ സ്കൂളിലേക്ക് പോകാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യമുണ്ട്. എന്നാൽ മലയോരത്തിന്റെ എല്ലാ അപകടങ്ങളും, എല്ലാ കുറവുകളും, എല്ലാ സാമ്പത്തിക പരാധീനകളും ഉള്ള ഒരു കേന്ദ്രമാണ് ഈ കേന്ദ്രം. ഞാൻ വിശദീകരിക്കുന്നില്ല, എന്റെ ആവശ്യം, ആശാരിക്കാട് മേഖലയിൽ പ്രവർത്തിക്കുന്ന യു.പി. സ്കൂളിനെ നടത്തറ പഞ്ചായത്തിൽ കൊടുക്കാൻ പോകുന്ന ഏക ഗവൺമെന്റ് ഹൈസ്കൂൾ എന്ന നിലവാരത്തിലേക്ക് ഉയർത്തണമെന്നാണ്. പൊതുവിദ്യാഭ്യാസ മേഖലയെ വല്ലാതെ സ്നേഹിക്കുകയും ഇടപെടുകയുമൊക്കെ ചെയ്യുമ്പോഴും അങ്ങയുടെ പരാധീനത എനിക്കറിയാം. സ്വാഭാവികമായും സർക്കാരിന്റെ സാമ്പത്തിക പരാധീനത കേരളത്തിൽ ധനകാര്യവകുപ്പ് മന്ത്രി തന്നെ വൈറ്റ് പേപ്പർ അവതരിപ്പിച്ചുകൊണ്ട് ഇവിടെ സൂചിപ്പിച്ചതാണ്. എന്നാൽ, ഈ ഒരു പ്രധാനപ്പെട്ട പ്രശ്നം ചൂണ്ടിക്കാണിച്ചുകൊണ്ട് അങ്ങേക്ക് ഈ ആശാരിക്കാട് യു.പി.സ്കൂൾ ഒരു ഹൈസ്കൂളാക്കി ഉയർത്തിതരാമോ എന്ന അപേക്ഷയാണ് എനിക്ക് ഈ

സബ്മിഷനിലൂടെ സഭയുടേയും അങ്ങയുടേയും ശ്രദ്ധയിൽ പെടുത്താനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം അഞ്ചിൽ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ കഴിയുകയുള്ളൂ. പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിക്കൊണ്ട് ഒരു ഉത്തരവ് നിലവിലുണ്ട്. എന്നാൽ 18-6-2015 -ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 3060/2014-ലെയും ഒരു കൂട്ടം ഹർജികളിന്മേലുള്ള വിധിന്യായപ്രകാരവും ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ ഉയർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ എസ്.എസ്.എ- യുടെ നേതൃത്വത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള സ്ഥലങ്ങൾ കണ്ടെത്തി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം അഞ്ച് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യകതയുള്ളതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ടവരിൽനിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും വിദ്യാഭ്യാസ ചട്ടത്തിൽ അനുശാസിക്കുന്ന സമയപരിധി പരിഗണിച്ച് തീരുമാനം എടുത്തതിന്

ശേഷം ഈ കാര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനു ശേഷമേ ഏതൊക്കെ സ്ഥലങ്ങളിൽ സ്കൂളുകൾ അനുവദിക്കണമെന്നതും, സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നതും സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. തൃശ്ശൂർ ജില്ലയിലെ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച ഒല്ലൂർ നിയോജകമണ്ഡലത്തിലെ നടത്തറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന യു.പി. സ്കൂളാണ് ആശാരിക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ. 2016-17 അദ്ധ്യയന വർഷത്തിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലായി 160 വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ട്. ആശാരിക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ, ഹൈസ്കൂളായി ഉയർത്തുന്നത് ഈ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫലപ്രദമായിട്ടുള്ള കാര്യമാണ്. നിലവിലുള്ള കെ.ഇ.ആർ. ലെ വ്യവസ്ഥയനുസരിച്ച് ഹൈസ്കൂളായി ഉയർത്തുവാൻ ആവശ്യമായ ഭൗതിക സാഹചര്യവും ലഭ്യമാകേണ്ടതായിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി തയ്യാറാക്കിയ കരട് അന്തിമ വിജ്ഞാപനം പരിശോധിച്ചുവരുന്നു.

ശ്രീ. പി.ടി. തോമസ്: ഞാൻ ഒരു ക്രമപ്രശ്നം എഴുതി തന്നിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് നൽകിയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പണം കഴിഞ്ഞ് പറയാം.